ശബരിമല സംഭവം

*൨൭൯. (൭൮) ശ്രീ. എസ്സ്. കുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രം തീവെച്ചതു സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായോ;

(ബി) അതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ;

(സി) അതു സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായില്ലെങ്കിൽ അതിലേക്ക് എത്രകാലംകൂടി വേണമെന്നു പറയാമോ;

(ഡി) പ്രസ്തുത അന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരു; ആ ഉദ്യോഗസ്ഥൻ ഇവിടത്തെ പബ്ലിക് സർവ്വീസിൽ സ്ഥിരലാവണമുള്ള ആളാണോ; അല്ലെങ്കിൽ അദ്ദേഹത്തെ മറ്റേതെങ്കിലും ഗവൺമെണ്ടിൽ നിന്നും കടം എടുത്തിരിക്കുകയാണോ;

(ഇ) അങ്ങിനെയാണെങ്കിൽ അതു് എത്ര കാലത്തേക്കു;

(എഫ്) അദ്ദേഹം സേവിച്ചിരുന്ന ഗവൺമെണ്ടിൽ അദ്ദേഹത്തിന്റെ സ്ഥിരം ഉദ്യോഗം എന്തായിരുന്നു.

(ജി) ഇവിടെ അദ്ദേഹത്തെ ആദ്യമായി എന്തു ഉദ്യോഗത്തിലാണ് നിയമിച്ചതു;

(എച്ച്) ഇവിടെ അദ്ദേഹത്തിനു് ഇപ്പോൾ എന്തു് ഉദ്യോഗമാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

(ബി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

(സി) അന്വേഷണം പൂർത്തിയാകാൻ എത്രകാലം വേണ്ടിവരുമെന്നു് ഖണ്ഡിതമായി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ഡി) & (ഇ) ശ്രീ. കെ. കേശവമേനോൻ. അദ്ദേഹത്തിനു് ഇവിടെ സ്ഥിരലാവണമില്ല. അദ്ദേഹത്തിന്റെ സർവ്വീസു് മദ്രാസ്സു് പോലീസിൽനിന്നും ഒരു വർഷത്തേക്കു കടമായിട്ടു് എടുത്തിരിക്കുകയാണു്.

(എഫ്) മദ്രാസിൽ ഡെപ്യൂട്ടി പോലീസു് സൂപ്രണ്ടായിരുന്നു.

(ജി) ആദ്യമായി ഇവിടെ എ. ഐ. ജി.യുടെ ജോലികൾ നോക്കാൻ നിയമിച്ചു.

(എച്ച്) ഇപ്പോൾ അദ്ദേഹം ശബരിമല കേസ്സന്വേഷണത്തിനു പ്രത്യേകമായി ഡെപ്യൂട്ടു ചെയ്തിരിക്കുകയാണു്.

ശബരിമലസംഭവം

*൨൭൦. (൭൯) ശ്രീ. എസ്സ്. കുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രം തീവെച്ചതു സംബന്ധിച്ചുള്ള കേസ്സു് അന്വേഷണത്തിനു് മി. മേനോനെ ആദ്യമായി എപ്പോഴാണു് ചുമതലപ്പെടുത്തിയതു; അതുസംബന്ധിച്ചുള്ള സ്പെഷ്യൽ ഡ്യൂട്ടിയിൽ അദ്ദേഹത്തിന്റെ കീഴിൽ എത്ര സിൽബന്ധികളേക്കൂടി എടുത്തിട്ടുണ്ടു;

(ബി) പ്രസ്തുത അന്വേഷണത്തിനു് ഇതുവരെ എത്ര രൂപാ ചെലവായിരിക്കും.

(സി) അന്വേഷണം പൂർത്തിയാകാത്തതിൽ വിശേഷാൽ കാരണം വല്ലതും ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly